**പതിമൂന്നാം കേരളനിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.161 08.02.2016 ന് മറുപടിയ്ക്ക്.

**ബഡ്ജറ്റുകളിലൂടെ വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ ബഡ്ജറ്റുകളിലും വന്യജീവി സംരക്ഷണത്തിനായി പ്രഖ്യാപിച്ചതും അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തേണ്ടതുമായ പദ്ധതികളിൽ നടപ്പിൽ വരുത്താത്ത പദ്ധതികൾ ഒന്നും തന്നെയില്ല. |
| (ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി വന്യജീവി സംരക്ഷണത്തിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവാക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്ക് വന്യജീവി വിഭാഗവുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന പദ്ധതി ശീർഷകങ്ങളിൽ ഓരോ വർഷവും വകയിരുത്തപ്പെട്ട തുകയുടേയും യഥാർത്ഥ ചെലവുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ശതമാനത്തിൽ |
|---|---|---|---|
| 2011-12 | 4868.32 | 3226.732 | 66.28 |
| 2012-13 | 5451.00 | 4498.690 | 82.52 |
| 2013-14 | 4858.91 | 4663.612 | 95.98 |
| 2014-15 | 9046.02 | 6072.055 | 67.12 |
| 2015-16 ഇതുവരെ | 4465.55 | 2466.49 | 55.24 |

ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ തുക നീക്കിയിരിപ്പില്ല.

| | |
|---|---|
| (സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ? | (സി) തുകകളൊന്നും തന്നെ റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.